**മധുരമായ കുട്ടികളേ – ജ്ഞാനരത്നങ്ങൾ ധാരണ ചെയ്ത് ആത്മീയ ഹോസ്പിറ്റൽ, യൂണിവേഴ്സിറ്റി തുറക്കൂ, അതിലൂടെ എല്ലാവർക്കും ആരോഗ്യവും സമ്പത്തും ലഭിക്കട്ടെ.**

**ചോദ്യം**:– ബാബയുടെ ഏതൊരു കർത്തവ്യമാണ് ഒരു മനുഷ്യാത്മാവിനും ചെയ്യാൻ സാധിക്കാത്തത്?
**ഉത്തരം**:– ആത്മാവിന് ജ്ഞാനത്തിന്റെ ഇഞ്ചക്ഷൻ നൽകി അവരെ സദാ കാലത്തേക്ക് നിരോഗിയാക്കി മാറ്റുക, ഈ കർത്തവ്യം ഒരു മനുഷ്യനും ചെയ്യാൻ സാധിക്കുകയില്ല. ആരാണോ ആത്മാവിനെ നിർലേപമാണെന്ന് കരുതുന്നത്, അവരെങ്ങനെ ജ്ഞാനത്തിന്റെ ഇഞ്ചക്ഷൻ നൽകും. ഈ കർത്തവ്യം ഒരു അവിനാശീ സർജന്റേത് മാത്രമാണ്. ആ സർജൻ ഇങ്ങനെയുള്ള ജ്ഞാന–യോഗത്തിന്റെ മരുന്ന് നൽകുന്നു അതിലൂടെ അര കല്പത്തേക്ക് ആത്മാവും ശരീരവും നിരോഗിയും സമ്പന്നവുമായി മാറുന്നു.

**ഗീതം**:– ഈ സമയം പൊയ്കൊണ്ടിരിക്കുകയാണ്....

**ഓം ശാന്തി.** ബാക്കി കുറച്ച് സമയമാണുള്ളതെന്ന് ആരാണ് പറഞ്ഞത്? വളരെയധികം കഴിഞ്ഞു പോയി ഇപ്പോൾ വളരെ കുറച്ച് മാത്രമാണുള്ളത്. ഇപ്പോൾ നിങ്ങൾ ഈ പഴയ ലോകത്തിലിരിക്കുകയാണ്. ഇവിടെയാണെങ്കിൽ ദുഖം തന്നെ ദുഖമാണ്. സുഖത്തിന്റെ പേരോ അടയാളമോ ഇല്ല. സുഖം സുഖധാമത്തിൽ മാത്രമാണ്. കലിയുഗത്തെ ദുഖധാമമെന്ന് പറയുന്നു. ഇപ്പോൾ ബാബ പറയുന്നു ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ്, നിങ്ങളെ സുഖധാമത്തിലേക്ക് കൂട്ടികൊണ്ട് പോകുന്നതിന് വേണ്ടി എന്നിട്ടും എന്തുകൊണ്ടാണ് നിന്നു പോകുന്നത്? ദുഖധാമത്തിനോട് എന്തുകൊണ്ട് മനസ്സ് കുടുങ്ങി കിടക്കുന്നു? ദുഖധാമത്തിലെ രീതികളോട് അഥവാ ഈ പഴയ ശരീരത്തോട് എന്തുകൊണ്ട് മനസ്സ് കുടുങ്ങുന്നു. നിങ്ങളെ സുഖധാമത്തിലേക്ക് കൂട്ടികൊണ്ട് പോകുന്നതിന് വേണ്ടി ഞാൻ വന്നിരിക്കുകയാണ്. സന്യാസി പറയുന്നു ഈ ലോകത്തിലെ സുഖമാണെങ്കിൽ കാക്ക കാഷ്ടത്തിന് സമാനമാണ് അതിനാൽ അതിനെ സന്യാസം ചെയ്യുന്നു. നിങ്ങൾ കുട്ടികൾക്കിപ്പോൾ സുഖധാമത്തിന്റെ സാക്ഷാത്ക്കാരമുണ്ടായിരിക്കുന്നു. ഈ പഠിപ്പ് തന്നെ സുഖധാമത്തിലേക്ക് വേണ്ടിയാണ് ഈ പഠിപ്പിൽ ഒരു ബുദ്ധിമുട്ടുമില്ല. ബാബയെ ഓർമ്മിക്കണം. ഈ ഓർമ്മയിലൂടെ നിങ്ങൾ നിരോഗിയായി മാറും. നിങ്ങളുടെ ശരീരം കല്പ വൃക്ഷത്തിന് സമാനം വലുതാകും. ഈ മനുഷ്യ സൃഷ്ടിയുടെ വൃക്ഷത്തിന്റെ ആയുസ്സ് 5000 വർഷമാണ്. അതിൽ അരകല്പം സുഖം, അരകല്പം ദുഖമാണ്. ദുഖമാണെങ്കിൽ നിങ്ങൾ അരകല്പം കണ്ടു, ബാബ പറയുകയാണ് പവിത്രമായ ലോകത്തിൽ പോകണമെങ്കിൽ പവിത്രമായി മാറൂ. ശ്രീമതം പറയുകയാണ് ഈ വിഷത്തിന്റെ കൊടുക്കൽ വാങ്ങൽ ഉപേക്ഷിക്കൂ. ജ്ഞാനത്തിന്റെയും യോഗത്തിന്റെയും ധാരണ ചെയ്യൂ. എത്രത്തോളം ജ്ഞാനരത്നങ്ങൾ ധാരണ ചെയ്യുന്നുവോ അത്രയും നിരോഗിയായി മാറും.
ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഇത് ആത്മീയ ഹോസ്പിറ്റലുമാണ്, യൂണിവേഴ്സിറ്റിയുമാണ്. പരംപിതാ പരമാത്മാവ് വന്ന് ആത്മീയ ആത്മീയ ഹോസ്പിറ്റലും യൂണിവേഴ്സിറ്റിയും സ്ഥാപിക്കുകയാണ്. ഹോസ്പിറ്റലാണെങ്കിൽ ലോകത്ത് അനേകമുണ്ട് എന്നാൽ ഇതുപോലെ ഹോസ്പിറ്റലും യൂണിവേഴ്സിറ്റിയും രണ്ടും ഒരുമിച്ചെവിടെയും ഉണ്ടാവില്ല. ഇവിടെ ഇത് അത്ഭുതമാണ്, ഹോസ്പിറ്റലും യൂണിവേഴ്സിറ്റിയും, ഹെൽത്തും വെൽത്തും(ആരോഗ്യവും സമ്പത്തും) ഒരുമിച്ച് ലഭിക്കുന്നു. പിന്നെ എന്തുകൊണ്ട് ഈ ഖജനാവുകൾ എടുക്കുന്നതിന് വേണ്ടി നിൽക്കുന്നില്ല. ഇന്നത്തെക്കാലത്ത് പെട്ടെന്ന് തന്നെ വിനാശം വരും. ബാബ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ നിർദ്ദേശം നൽകുന്നു. നിങ്ങൾ ഗവൺമെന്റിനും മനസ്സിലാക്കി കൊടുക്കൂ എല്ലാവർക്കും ആരോഗ്യവും സമ്പത്തും ലഭിക്കുന്ന ഹോസ്പിറ്റലും യൂണിവേഴ്സിറ്റിയും പരിധിയില്ലാത്ത ബാബ ഈ സമയം തുറന്നിരിക്കുന്നു. ഗവൺമെന്റും ഹോസ്പിറ്റൽ, യൂണിവേഴ്സിറ്റി തുറക്കുന്നു. അവർക്ക് മനസ്സിലാക്കി കൊടുക്കൂ ഈ ഭൗതീകമായ ഹോസ്പിറ്റൽ തുറക്കുന്നതിലൂടെ എന്താവും. ഇതാണെങ്കിൽ അരകല്പമായി നടന്നു വരുന്നു മരുന്നും ഉണ്ടാക്കി തന്നെയാണ് വന്നിരിക്കുന്നത്. ഇത് പിന്നെ ആത്മീയ ഹോസ്പിറ്റലും യൂണിവേഴ്സിറ്റിയുമാണ്, ഇതിലൂടെ മനുഷ്യർക്ക് 21 ജന്മത്തേക്ക് സദാ ആരോഗ്യമുള്ളവരും സമ്പന്നരുമായി മാറാൻ സാധിക്കുന്നു. അതിനാൽ വിദ്യാഭ്യാസ മന്ത്രിക്കും, ആരോഗ്യ മന്ത്രിക്കും മനസ്സിലാക്കി കൊടുക്കൂ പരിധിയില്ലാത്ത ബാബ ഈ ഒരുമിച്ചുള്ള ഹോസ്പിറ്റലും യൂണിവേഴ്സിറ്റിയും തുറന്നിരിക്കുന്നു. താങ്കൾക്കും നിർദ്ദേശം നൽകുകയാണ് ഇങ്ങനെ തുറക്കുകയാണെങ്കിൽ മനുഷ്യരുടെ മംഗളമുണ്ടാകും. ബാക്കി ഈ രോഗങ്ങൾ മുതലായവയെല്ലാം രാവണ രാജ്യം എപ്പോൾ ആരംഭിച്ചോ അപ്പോൾ മുതൽ ഉണ്ടായതാണ്. മുമ്പാണെങ്കിൽ വൈദ്യന്റെ മരുന്നുകളായിരുന്നു. ഇപ്പോഴാണെങ്കിൽ ഇംഗ്ലീഷ് മരുന്നുകൾ ഒരുപാട് വന്നിട്ടുണ്ട്. ഇത് അവിനാശിയായ

സർജനാണ്, ആരാണോ അവിനാശിയായ മരുന്ന് നൽകുന്നത്. അപ്പോഴാണ് പാടപ്പെടുന്നത് ജ്ഞാനാഞ്ജനം സത്ഗുരു നൽകി, ജ്ഞാന ഇഞ്ചക്ഷൻ ആത്മീയ അച്ഛൻ തന്നെയാണ് ആത്മാക്കൾക്ക് നൽകുന്നത്. വേറെ ഒരു ആത്മാവിനും ഇഞ്ചക്ഷൻ നൽകുന്നവരാകാൻ സാധിക്കുകയില്ല. അവരാണെങ്കിൽ പറയുകയാണ് ആത്മാവ് നിർലേപമാണ്. അതിനാൽ നിങ്ങൾ മനസ്സിലാക്കി കൊടുക്കൂ ആ ഹോസ്പിറ്റലിലും യൂണിവേഴ്സിറ്റിയിലുമാണെങ്കിൽ ലക്ഷക്കണക്കിന് രൂപ ചിലവ് ചെയ്യേണ്ടതുണ്ട്. ഇവിടെയാണെങ്കിലോ ചിലവിന്റെ ഒരു കാര്യവുമില്ല. 3 അടി മണ്ണ് വേണം. ആര് വന്നാലും അവർക്ക് മനസ്സിലാക്കി കൊടുക്കണം. ബാബയെ ഓർമ്മിക്കൂ എങ്കിൽ എവർ ഹെൽത്തിയായി മാറും, ചക്രത്തെ ഓർമ്മിക്കുന്നതിലൂടെ ചക്രവർത്തി രാജാവായി മാറും. ധനവാനാണെങ്കിൽ വലിയ ഹോസ്പിറ്റൽ, യൂണിവേഴ്സിറ്റി തുറക്കും. പാവങ്ങൾ ചെറുത് തുറക്കും. ഗവൺമെന്റ് എത്ര തുറക്കുന്നു. ഇന്നത്തെ കാലത്താണെങ്കിൽ ടെന്റെല്ലാമുണ്ടാക്കിയും പഠിപ്പിക്കുന്നു കൂടാതെ 2-3 സെഷൻ വെക്കുന്നു എന്തുകൊണ്ടെന്നാൽ സ്ഥലമില്ല. പൈസയില്ല. ഇതിൽ ചിലവിന്റെ ഒരു കാര്യവുമില്ല. ഏത് സ്ഥലവും ലഭിക്കാം. ആയുധം മുതലായവയൊന്നും വെക്കുന്നില്ല. വളരെ സാധാരണമായ കാര്യമാണ്. പുരുഷന്മാരും തുറക്കുന്നു, അമ്മമാരും തുറക്കുന്നു. ബാബ പറയുകയാണ് നിങ്ങൾ തന്നെ തുറക്കൂ, നിങ്ങൾ തന്നെ സംരക്ഷിക്കൂ. ആര് ചെയ്യുന്നുവോ അവർ നേടും, അനേകരുടെ മംഗളമുണ്ടാകും. പരിധിയില്ലാത്ത ബാബ ശ്രീമതം നൽകുകയാണ് - ശ്രേഷ്ഠമായി മാറുന്നതിന് വേണ്ടി. അനേകം പേരുണ്ട് കേൾക്കുന്നുണ്ട് പക്ഷെ ചെയ്യുന്നില്ല എന്തുകൊണ്ടെന്നാൽ ഭാഗ്യത്തിലില്ല. ബാബയിലൂടെ ആരോഗ്യവും സമ്പത്തും ലഭിക്കുന്നു. ബാബ വൈകുണ്ഠത്തിന്റെ ചക്രവർത്തി പദവി നൽകാൻ വന്നിരിക്കുകയാണ്. വജ്രങ്ങളുടെയും വൈഢൂര്യത്തിന്റെയും കൊട്ടാരം ലഭിക്കും. ഭാരതത്തിൽ തന്നെയായിരുന്നു ലക്ഷ്മീ നാരായണന്റെ രാജ്യം. തീർച്ചയായും അവർക്ക് ബാബ തന്നെയാണ് സമ്പത്ത് നൽകിയിട്ടുണ്ടാവുക. ഇപ്പോഴാണെങ്കിലോ കലിയുഗത്തിൽ ദുഖം തന്നെ ദുഖമാണ് പിന്നീട് സത്യയുഗത്തിന്റെ സ്ഥാപന എനിക്ക് തന്നെ ചെയ്യണം. മനുഷ്യർ ഏതെങ്കിലും ഹോസ്പിറ്റൽ മുതലായവ തുറക്കുകയാണെങ്കിൽ ഉദ്ഘാടനം ചെയ്യുന്നു. ബാബ പറയുകയാണ് ഞാൻ സ്വർഗ്ഗത്തിന്റെ ഉദ്ഘാടനം ചെയ്യുകയാണ്. ഇപ്പോൾ നിങ്ങൾ ശ്രീമതത്തിൽ സ്വർഗ്ഗത്തിന്റെ യോഗ്യരാകൂ. കല്പ-കല്പം നിങ്ങൾ യോഗ്യരായി മാറിയിട്ടുണ്ട് ഇത് ഒരു പുതിയ കാര്യമല്ല. കാണാൻ കഴിയുന്നുണ്ട് നിർദ്ധനർ ഒരുപാട് വരുന്നുണ്ട്. ബാബയും പറയുകയാണ് ഞാൻ പാവങ്ങളുടെ നാഥനാണ്. സമ്പന്നരുടെ പക്കൽ ഒരുപാട് ധനമുണ്ട്, അതിനാൽ അവർ മനസ്സിലാക്കുകയാണ് നമ്മൾ സ്വർഗ്ഗത്തിലാണിരിക്കുന്നത്. ഭാരതം ദരിദ്രമാണ് അതിലും ആരാണോ കൂടുതൽ നിർദ്ധനൻ, അവരെ തന്നെയാണ് ബാബ ഉയർത്തുന്നത്. സമ്പരാണെങ്കിൽ നിദ്രയിലാണ്. ജ്ഞാനവും യോഗവും എത്രയാണ് ബാബ പഠിപ്പിക്കുന്നത്, മൂന്നാമത്തെ നേത്രവും ബാബ തന്നെയാണ് നൽകുന്നത് അതിലൂടെ നിങ്ങൾ മുഴുവൻ ചക്രത്തെയും അറിയുന്നു. ബാക്കി എല്ലാവരും ഘോരമായ അന്ധകാരത്തിലാണ്. ഡ്രാമയുടെ ആദി-മധ്യ-അന്ത്യത്തെ ആർക്കും അറിയുക പോലുമില്ല. പതിത പാവനനായ ബാബയെ തന്നെ മറന്നു കഴിഞ്ഞിരിക്കുകയാണ്. ശിവ പരമാത്മാവിനെ പറയുകയാണ്- കല്ലിലും തൂണിലുമുണ്ട്.

നിങ്ങൾക്കറിയാം ഇപ്പോൾ എല്ലാവരുടെയും കണക്കെടുപ്പിന്റെ സമയമാണ്. അഗ്നിയിൽ കത്തി മരിച്ച് അവസാനിക്കും. പിന്നീട് എല്ലാവരെയും തിരിച്ച് കൂടെ കൂട്ടികൊണ്ട് പോകും. ഞാൻ വഴികാട്ടിയായി വന്നിരിക്കുകയാണ്. നിങ്ങൾ പാണ്ഡവ സേനകളാണല്ലോ. അവർ ഭൗതീകമായ യാത്രയിൽ കൊണ്ട് പോകുന്നു, അത് ജന്മ-ജന്മാന്തരം ചെയ്തു വന്നു. ഇത് ആത്മീയമായ തീർത്ഥയാത്രയാണ്, ഇതിൽ നടക്കുകയോ കറങ്ങുകയോ ചെയ്യേണ്ടതില്ല. ബാബ പറയുകയാണ് കേവലം എന്നെ ഓർമ്മിക്കൂ. രാത്രിയിലും ഉണർന്ന് എന്നെ ഓർമ്മിക്കൂ. എന്നോടൊപ്പം ബുദ്ധിയുടെ യോഗം വെക്കൂ. നിദ്രയെ ജയിക്കുന്നവരായി മാറുകയാണെങ്കിൽ നിങ്ങൾ അടുത്ത് വരും. അവർ ശരീര വംശാവലീ ബ്രാഹ്മണരാണ്. നിങ്ങൾ മുഖ വംശാവലീ ബ്രാഹ്മണരാണ്. ഇപ്പോൾ നിങ്ങൾ ആത്മീയ യാത്രയിൽ തത്പരരാണ്, നിങ്ങൾക്ക് പവിത്രമായിരിക്കണം. രുദ്ര ജ്ഞാന യജ്ഞത്തിൽ പവിത്ര ബ്രാഹ്മണർ മാത്രമാണിരിക്കുന്നത്. ആ ബ്രാഹ്മണർ കേവലം ക്ഷേത്രങ്ങളിലിരിക്കുന്നു. പേര് ബ്രാഹ്മണനെന്നാണ് അതിനാൽ ദേവതകളുടെ മൂർത്തിയെ തൊടാനും സാധിക്കുന്നു അതിനെ സ്നാനം മുതലായവ ചെയ്യിക്കുന്നു പക്ഷെ അവർ പതിതരാണ്, ബാക്കി ക്ഷേത്രങ്ങളിൽ പോകുന്നവരുടെ പേര് ബ്രാഹ്മണനല്ലായെങ്കിൽ അവരെ തൊടാൻ അനുവദിക്കുകയില്ല. ബ്രാഹ്മണർക്ക് ഒരുപാട് മഹത്വമുണ്ട്. പക്ഷെ അവർ പതിതമായ വികാരികളാണ്. ചിലർ ബ്രഹ്മചാരികളായിരിക്കും. ബാബ വന്ന് മനസ്സിലാക്കി തരുകയാണ് - സത്യം-സത്യമായ ബ്രാഹ്മണ ബ്രാഹ്മണിമാർ അവരാണ് ആരാണോ 21 കുലത്തെ ഉദ്ധരിക്കുന്നത്. അഥവാ കന്യക ഉദ്ധരിക്കുന്നുവെങ്കിൽ അവരുടെ അച്ഛനുമമ്മയുമുണ്ടാകും. ഇവിടെ അച്ഛനുമമ്മയും പഠിപ്പിക്കുകയാണ് നിങ്ങൾക്ക് 21 തലമുറ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറാൻ സാധിക്കും. കുട്ടികൾക്കറിയാം ബാബ ഗുപ്തമാണ്. ശിവബാബ ബ്രഹ്മാവിലൂടെ നമുക്ക് എല്ലാ രഹസ്യവും മനസ്സിലാക്കി തരികയാണ്. ഈ മുത്തച്ഛൻ ജോലി മുതലായവ

ചെയ്തിരുന്നു. ഇപ്പോൾ അനേക ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ അന്തിമത്തിൽ ശിവബാബ വന്ന് പ്രവേശിച്ചിരിക്കുകയാണ്. ഇദ്ദേഹത്തിലൂടെ തന്നെയാണ് ജ്ഞാനം കേൾപ്പിക്കുന്നത്. ഇത് രഥമാണ്. ശിവബാബ രഥിയാണ്. ഇപ്പോൾ നിരാകാരനായ പരമാത്മാവ് മനസ്സിലാക്കി തരികയാണ്, ഈ രഥം അനേക ജന്മങ്ങളായി പതിതമാണ്. ആദ്യമാദ്യം ഇത് പാവനമായി മാറുന്നു. അടുത്താണ്. ഇദ്ദേഹം ഇങ്ങനെ പറയുന്നില്ല ഞാൻ ഭഗവാനാണ് എന്ന്. ഇദ്ദേഹം പറയുകയാണ് ഇത് എന്റെ അനേക ജന്മങ്ങളുടെ അന്തിമ ജന്മമാണ്. വാനപ്രസ്ഥ അവസ്ഥയാണ്, പതിതമാണ്. ബാബ ഇതിൽ പ്രവേശിച്ചിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുകയാണ് നിങ്ങൾ നിങ്ങളുടെ ജന്മത്തെക്കുറിച്ച് അറിയുന്നില്ല. ഞാൻ നിങ്ങൾക്ക് പറഞ്ഞു തരുകയാണ്. ഇതും ബുദ്ധിയിൽ വരുന്നുണ്ട് പതിത പാവനൻ പരംപിതാ പരമാത്മാവ് തന്നെയാണ്. ബാബ അച്ഛനുമാണ്, ടീച്ചറുമാണ്, ഗുരുവുമാണ്. മുഴുവൻ ഡ്രാമയുടെ ആദി-മധ്യ-അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കി തരുന്നു. നിങ്ങൾക്കറിയാം ബാബ നമ്മേ കൂടെ കൂട്ടികൊണ്ട് പോകും. ഈ അച്ഛൻ, ടീച്ചർ,ഗുരുവിന്റെ അഭിപ്രായം നേടുന്നതിലൂടെ നിങ്ങൾ ഉയർന്ന പദവി നേടും. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. ചിലരാണെങ്കിൽ ധാരണ ചെയ്ത് ശ്രീമതത്തിലൂടെ നടന്ന് ഉയർന്ന പദവി നേടുന്നു. ആരാണോ ശ്രീമതത്തെ മാനിക്കാത്തത്, അവർ ഉയർന്ന പദവി നേടുകയില്ല. ബാബ പറയുകയാണ് സുഖധാമത്തെയും ശാന്തിധാമത്തെയും ഓർമ്മിച്ച് ഈ ദുഖധാമത്തെ മറക്കൂ. സ്വയം അശരീരിയാണെന്ന് മനസ്സിലാക്കൂ. ഇപ്പോൾ നമ്മൾ തിരിച്ച് പോയ്കൊണ്ടിരിക്കുകയാണ്. ബാബ കൊണ്ട് പോകാൻ വന്നിരിക്കുകയാണ്. ഓരോരുത്തർക്കും അവരവരുടെ പാർട്ട് ആവർത്തിക്കണം. ഓരോരുത്തരുടെയും ആത്മാവ് അവിനാശീ പാർട്ട്ധാരിയാണ്. ലോകത്തിൽ ഒരിക്കലും പ്രളയമുണ്ടാകുന്നില്ല. ഇത് ദുഖധാമമാണ്, പിന്നീട് ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും പോകും. ബുദ്ധിയിൽ ഈ സ്വദർശന ചക്രം കറക്കികൊണ്ടിരിക്കൂ, പവിത്രമായിരിക്കൂ എങ്കിൽ തോണി അക്കരയെത്തും. നിങ്ങൾ കാലന് മേൽ വിജയം നേടികൊണ്ടിരിക്കുകയാണ്, അവിടെ നിങ്ങൾക്ക് അകാല മൃത്യു ഉണ്ടാവില്ല. എങ്ങനെയാണോ സർപ്പം പഴയ തോൽ ഉപേക്ഷിച്ച് പുതിയത് എടുക്കുന്നത് അതുപോലെ നിങ്ങളും പഴയ തോൽ മാറ്റി പുതിയതെടുക്കും. ഇങ്ങനെയുള്ള അവസ്ഥ ഇവിടെ ഉണ്ടാക്കണം. അത്രമാത്രം നമ്മൾ ഈ ശരീരം വിട്ട് മധുരമായ വീട്ടിലേക്ക് പോകും. നമ്മേ കാലന് വിഴുങ്ങാൻ കഴിയില്ല. സർപ്പത്തിന്റെ ഉദാഹരണം വാസ്തവത്തിൽ സന്യാസിമാർക്ക് നൽകാൻ സാധിക്കില്ല. വണ്ടിന്റെ ഉദാഹരണവും പ്രവൃത്തി മാർഗ്ഗത്തിലുള്ളവരുടെയാണ്. പറയുന്നു ജനകനെ പോലെ സെക്കന്റിൽ ജീവൻ മുക്തി നൽകാൻ സാധിക്കുന്നു. ഇതും കോപ്പി ചെയ്തിരിക്കുകയാണ്. ജീവൻമുക്തിയിൽ രണ്ടും വേണം. ആ സന്യാസിമാർക്കെങ്ങനെ ജീവൻ മുക്തി നൽകാൻ കഴിയുന്നു. ഇപ്പോൾ ബാബ പറയുകയാണ് തിരിച്ച് വരൂ, എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ഇല്ലായെങ്കിൽ ഒരുപാട് ശിക്ഷ അനുഭവിക്കും പദവിയും ഭ്രഷ്ടമാകും. അന്തിമത്തിൽ ആരുടെയെങ്കിലും ഓർമ്മ വന്നുവെങ്കിൽ വീണ്ടും പുനർ ജന്മം എടുക്കുക തന്നെ വേണം. ഇതാണ് യോഗത്തിലൂടെ ആരോഗ്യവും ജ്ഞാനത്തിലൂടെ സമ്പത്തും, സെക്കന്റിൽ ജീവൻമുക്തിയെന്ന് ഇതിനെയാണ് പറയപ്പെടുന്നത്. പിന്നീട് ഇത്രയും പൈസ ചിലവാക്കുന്നതിന്റെ, അലയുന്നതിന്റെയല്ലാമാവശ്യമെന്താണ് അതിനാൽ ആരോഗ്യ മന്ത്രി, വിദ്യാഭ്യാസ മന്ത്രിക്കുമെല്ലാം മനസ്സിലാക്കി കൊടുക്കൂ ഈ ഹോസ്പിറ്റൽ, യൂണിവേഴ്സിറ്റി തുറക്കൂ എങ്കിൽ നിങ്ങൾക്ക് വളരെയധികം നേട്ടമുണ്ടാകും. എന്ത് ചെയ്യുന്നോ അത് നേടും. സമ്പന്നരുടെ ജോലി സമ്പന്നരെ ഉദ്ധരിക്കുക എന്നതാണ്. പാവങ്ങൾ തന്നെയാണ് സമ്പത്ത് നേടുന്നത്. ബാക്കി ആരാണോ കോടിപതികൾ അവർക്ക് വേണ്ടി പറയപ്പെടുന്നുണ്ട് – ചിലരുടെ സമ്പത്ത് മണ്ണിൽ പോകും.... പിന്നീട് അഗ്നിയിൽ എല്ലാം ഇല്ലാതാകും. അതിനാൽ വിനാശത്തിന് എന്തെങ്കിലും ചെയ്യുകയാണെങ്കിൽ എന്തെങ്കിലും പദവി ലഭിക്കുമല്ലോ. മരിക്കുക തന്നെ വേണം. ഡ്രാമയുടെ അവസാനമുണ്ടാകണം. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. നദികളെല്ലാം ചക്രം കറക്കികൊണ്ടിരിക്കുന്നു. ബാക്കി ബ്രഹ്മപുത്രയാണെങ്കിൽ ഈ ബ്രഹ്മാവ് തന്നെയാണ്. മമ്മയാണ് സരസ്വതി. ബാക്കി ജ്ഞാനഗംഗകളാണ്. വെള്ളത്തിന്റെ ഗംഗ എങ്ങനെ പാവനമാക്കി മാറ്റും. അതൊരു മേളയല്ല. ഇതാണ് സത്യമായ മേള എപ്പോഴാണോ ജീവാത്മാക്കൾ പരമാത്മാവുമായി കാണുന്നത്. അപ്പോൾ പറയുന്നു ആത്മാവും പരമാത്മാവും അനേക കാലം വേറിട്ടിരുന്നു... ഇപ്പോൾ പരമാത്മാവുമായി ജീവാത്മാക്കളുടെ മേളയാണ്. പരമാത്മാവും ജീവന്റെ ലോണെടുത്തിരിക്കുകയാണ്. ഇല്ലായെങ്കിൽ എങ്ങനെ പഠിപ്പിക്കും അതിനാൽ അവരെ ശിവ ഭഗവാനെന്ന് പറയുന്നു, ആരാണോ ഇതിൽ പ്രവേശിച്ച് ജ്ഞാനം നൽകുന്നത്. സരസ്വതിയെ വിദ്യയുടെ ദേവിയെന്ന് പറയുന്നു. ബ്രഹ്മാവിനും ജ്ഞാനമുണ്ടാകും. അവർക്ക് ജ്ഞാനം നൽകുന്നതാരാണ്? ജ്ഞാനത്തിന്റെ സാഗരൻ. നിങ്ങളുടെയടുത്ത് നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് ഈ ജ്ഞാനമുള്ളത്. അതിനാൽ ഈ ജ്ഞാനം ധാരണ ചെയ്ത് ശ്രീമതത്തിലൂടെ നടക്കണം. മുഴുവൻ ആധാരവും പവിത്രതയുടെ മേലാണ്. ഇതിൽ തന്നെയാണ് അബലകളുടെ മേൽ അത്യാചാരമുണ്ടാകുന്നത്. ദ്രൗപതി വിളിച്ചിട്ടുണ്ട്. സഹിച്ച് സഹിച്ച് 21 ജന്മം നഗ്നമാകുന്നതിൽ നിന്ന് രക്ഷപ്പെടുന്നു. ഗീതയിലുമുണ്ട് ഞാൻ സന്യാസിമാരുടെയും ഉദ്ധാരണം ചെയ്യുന്നു.

പക്ഷെ സന്യാസിമാർ ഈ വാക്ക് കേൾപ്പിക്കുന്നതേയില്ല.
നിങ്ങൾക്കറിയാം ഈ സമയം മുഴുവൻ ലോകവും അഴിമതിയിൽ മുഴുകിയിരിക്കയാണ്, അതിനാൽ ഇതിന്റെയെല്ലാം വിനാശമുണ്ടാവുക തന്നെ വേണം, ആർക്ക് സമ്പത്തെടുക്കണമോ അവർ എടുക്കും. ബാബയോട് പല കുട്ടികളും പറയാറുണ്ട് ഞങ്ങൾ നിർദ്ധന കുടുംബത്തിലെയാണെങ്കിൽ എത്ര നല്ലതായിരിക്കും. സമ്പന്നർ പുറത്ത് പോകാൻ അനുവദിക്കുകയില്ല. ബാബാ ഞങ്ങൾ കന്യകയായിരുന്നെങ്കിൽ എത്ര നന്നായി. മാതാക്കൾക്ക് ഏണിപ്പടി ഇറങ്ങേണ്ടതുണ്ട്. ബാബ പറയുകയാണ് സമ്പത്തെടുക്കൂ. മനുഷ്യന് മരിക്കാൻ താമസമൊന്നുമില്ല. ആപത്തുകൾ ഒരുപാട് ഉണ്ടാകുന്നു. താങ്കൾ കേവലം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ. 84 ജന്മങ്ങൾ പൂർത്തിയായി ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകണം അതോ ഇവിടെ തന്നെ ബുദ്ധിമുട്ട് അനുഭവിക്കണോ? മന്മനാ ഭവ, മധ്യാജി ഭവ. രാവണന്റെ സ്വത്തിനെ മറക്കൂ. രാവണൻ ശാപം നൽകുന്നു. ബാബ പറയുന്നു കുട്ടികളായിയെങ്കിൽ സമ്പത്തും നേടും. ശ്രീമതത്തിലൂടെ നടക്കുന്നില്ലെങ്കിൽ സമ്പത്തെങ്ങനെ നേടും. ഈ ആത്മീയ ഹോസ്പിറ്റൽ തുറക്കൂ. ഭൂമി കിടക്കുകയാണ് വാടകക്ക് തരികയാണെങ്കിലും നല്ലതാണ്, വളരെ നേട്ടമുണ്ട്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയുടെ സമീപത്ത് വരുന്നതിന് വേണ്ടി ആത്മീയ യാത്രയിലിരിക്കണം. രാത്രിയിലുണർന്നിരുന്നും തീർച്ചയായും ഈ ബുദ്ധിയുടെ യാത്ര ചെയ്യണം.

2) സത്യം സത്യമായ ബ്രാഹ്മണനായി മാറി 21 കുലത്തിന്റെ ഉദ്ധാരണം ചെയ്യണം. സ്വദർശന ചക്രധാരിയായി മാറണം. കാലന് മേൽ വിജയം നേടുന്നതിന് വേണ്ടി ഈ പഴയ തോലിനോടുള്ള മമത്വം ഇല്ലാതാക്കണം.

### വരദാനം:- ആത്മീയതയിലൂടെ വൃത്തി, ദൃഷ്ടി, വാക്ക്, കർമ്മത്തെ കുലീനമാക്കുന്ന ബ്രഹ്മാ ബാബയ്ക്ക് സമാനരായി ഭവിക്കൂ

ബ്രഹ്മാ ബാബയുടെ വാക്ക്, രീതി, മുഖം, പെരുമാറ്റത്തിൽ ഏതൊരു കുലീനതയാണോ കണ്ടത് - അതിൽ ഫോളോ ഫാദർ ചെയ്യൂ. ഏതുപോലെയാണോ ബ്രഹ്മാബാബ ചെറിയ-ചെറിയ കാര്യങ്ങളിൽ തന്റെ ബുദ്ധിയോ സമയമോ നൽകാതിരുന്നത്. അദ്ദേഹത്തിന്റെ മുഖത്തിലൂടെ ഒരിക്കലും സാധാരണ വാക്ക് വന്നില്ല, ഓരോ വാക്കും യുക്തിയുക്തം അർത്ഥം വ്യർത്ഥ ഭാവത്തിൽ നിന്ന് ഉപരി അവ്യക്ത ഭാവവും ഭാവനയുമുള്ളവയായിരുന്നു. അദ്ദേഹത്തിന്റെ വൃത്തി ഓരോ ആത്മാവിനെ പ്രതിയും സദാ ശുഭ ഭാവനയും, ശുഭ കാമനയുമുള്ളവയായിരുന്നു, ദൃഷ്ടിയിലൂടെ എല്ലാവരെയും ഫരിസ്താ രൂപത്തിൽ കണ്ടു. കർമ്മത്തിലൂടെ സദാ സുഖം നൽകി സുഖം നേടി. ഇതുപോലെ ഫോളോ ഫാദർ ചെയ്യൂ അപ്പോൾ പറയും ബ്രഹ്മാ ബാബയ്ക്ക് സമാനം.

### സ്ലോഗൻ:- പരിശ്രമത്തിന് പകരം പ്രേമത്തിന്റെ ഊഞ്ഞാലിൽ ആടുന്നത് തന്നെയാണ് ശ്രേഷ്ഠ ഭാഗ്യവാന്റെ ലക്ഷണം.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ** : ഏതുപോലെയാണോ ലൗകിക രീതിയിൽ ആരെങ്കിലും ആരുടെയെങ്കിലും സ്നേഹത്തിൽ ലൗലീനമാകുകയാണെങ്കിൽ മുഖത്തിലൂടെ, കണ്ണുകളിലൂടെ, വാക്കിലൂടെ അനുഭവപ്പെടുന്നത് അതായത് ഇവർ ലൗലീനമാണ്, പ്രണയത്തിലാണ്. ഇതുപോലെ താങ്കളുടെ ഉള്ളിൽ ബാബയോടുള്ള സ്നേഹം ഇമർജായിരിക്കുകയാണെങ്കിൽ താങ്കളുടെ വാക്ക് മറ്റുള്ളവരെയും മയക്കും.